## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *95 07.06.2018 ൽ മറുപടിക്ക്

## സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ഡി.കെ. മുരളി | ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മുൻസർക്കാരിന്റെ കാലത്ത് അടഞ്ഞുകിടന്നിരുന്ന പൊതു മേഖലാ കശുവണ്ടി ഫാക്ടറികൾ ഈ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി പൂർണ്ണമായും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചെങ്കിലും സ്വകാര്യ മേഖലയിലെ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നത് ആയിരക്കണക്കിന് തൊഴിലാളികളെ പട്ടിണിയിലാക്കി യിരിക്കുന്നതിനാൽ ഇവയ്ക്കായി പുനരുദ്ധാരണ പാക്കേജ് സാധ്യമാണോ എന്നറിയിക്കാമോ; | (എ) ബാങ്കുകളിൽ നിന്നുമെടുത്ത വായ്പ തിരിച്ചടക്കാനാകാതെ പ്രതിസന്ധിയിലായി അടച്ചുപൂട്ടിയ സ്വകാര്യമേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ബാങ്കുകളുമായും സ്വകാര്യ ഫാക്ടറി ഉടമകളുമായും ചർച്ചകൾ നടത്തി വരികയാണ്. അടഞ്ഞു കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനാകുമെന്ന് സർക്കാർ കരുതുന്നു. 31/05/2018 വരെയുള്ള വ്യവസായികളുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രി 08/06/2018-നു ധനകാര്യസ്ഥാപനങ്ങളുടെയും 09/06/2018-നു വ്യവസായികളുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. |
| ബി) | തദ്ദേശീയ തോട്ടണ്ടിയുടെ ലഭ്യതക്കുറവും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് കേന്ദ്രസർക്കാർ തീരുവ വർദ്ധിപ്പി ച്ചതുമാണ് ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന മുഖ്യ കാരണങ്ങൾ എന്നതിനാൽ പുതുതായി രൂപീകരിച്ച കാഷ്യൂ ബോർഡിന് തോട്ടണ്ടി ലഭ്യമാക്കുന്നതിൽ ഫല പ്രദമായി ഇടപെടാൻ സാധ്യമാകു ന്നുണ്ടോ എന്നറിയിക്കുമോ ; | (ബി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനും ഇറക്കുമതി രംഗത്തുനിന്ന് ഇടനിലക്കാരെ ഒഴിവാക്കി ഗുണമേൻമയുള്ള തോട്ടണ്ടി വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും ഇടനിലക്കാരുടെ കുത്തക അവസാനിപ്പിക്കുന്നതിനും മേഖലയിലെ അനധികൃത കച്ചവടക്കാരെ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് കാഷ്യൂ ബോർഡ് രൂപീകരിച്ച് ബദൽ മാർഗ്ഗം ആരംഭിച്ചിട്ടുള്ളത്. തോട്ടണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഷോർട്ട് ടെണ്ടർ മുഖാതിരം തോട്ടണ്ടി സംഭരിക്കുന്നതിനാണ് കേരള കാഷ്യൂ ബോർഡ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ വർഷം തന്നെ തോട്ടണ്ടി ബോർഡ് മുഖാന്തിരം ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (സി) | തോട്ടണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട് ആഫ്രിക്കൻ രാജ്യത്തുനിന്നുള്ള നയതന്ത്ര പ്രതിനിധികളെ പങ്കെടുപ്പിച്ച് നടത്തിയ | (സി) നയതന്ത്ര പ്രതിനിധികളുമായി നടത്തിയ ഡിപ്ലോമാറ്റിക് കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിലെ ഇൻഡ്യൻ |

| | |
|---|---|
| ഡിപ്ലോമാറ്റിക് കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടിയുണ്ടായിട്ടുണ്ടോ; | എംബസികളുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനങ്ങളിലൂടെ നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ ബോർഡ് നടത്തിയെങ്കിലും ആയവ ഫലപ്രദമാകാത്ത സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങൾ ബോർഡ് ആലോചിച്ചു വരുന്നു. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഈ വർഷംതന്നെ കേരള കാഷ്യു ബോർഡ് മുഖാന്തിരം തോട്ടണ്ടി സംഭരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ദീർഘകാല പരിഹാരമെന്ന നിലയിൽ കശുവണ്ടി ഉല്പാദന വർദ്ധനവിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) കേരളത്തിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗുണനിലവാരമുള്ള കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.എ.സി.സി. മുഖാന്തിരം നടപടിയെടുത്തുവരികയാണ്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ബഡ്ജറ്റിൽ തുകയും വകയിരുത്തിയിട്ടുണ്ട്. കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.എ.സി.സി. നടപ്പാക്കിവരുന്നു. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധന സഹായം എന്നിവ നൽകുന്നു.<br>2.കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ